# പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടി ക്രമം
## ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-1

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം- സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് അവരുടെ മൂന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ (2019-2020 ) 90 % തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

**നം.എ3/2378/2018/പ്ര.പ.ക** **തീയതി:19/07/2021**

പരാമർശം:1. ജി.ഒ (എം.എസ്)നം.107/2018/ആ.കു.വ. തീയതി 06.06.2018.
2. ജി.ഒ (എം.എസ്)നം.138/2018/ആ.കു.വ. തീയതി 19.07.2018.
3. ജി.ഒ (എം.എസ്)നം.169/2018/ആ.കു.വ. തീയതി 19.08.2018.
4. ജി.ഒ (പി) നം. 40/ 2018 /ആ.കു.വ. തീയതി 09.04.2018.
5. ഈ കാര്യാലയത്തിലെ 31.05.2019, 29.08.2019, 14.11.2019, 09.01.2020, 10.02.2020, 30.03.2020, 04.03.2021 തീയതികളിലെ ഇതേ നം.ഉത്തരവ്.
6. 23/07/2020-ലെ WP(C)No.7771/2018 & connected case- ലെ കേസിലെ ബഹു. ഹൈക്കോടതി ഉത്തരവ്.
7. 27/01/2021 -ലെ WP(C)No.25475 & 26683/2020 കേസിലെ ബഹു. ഹൈക്കോടതി ഉത്തരവ്.
8. വിവിധ കോളേജുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ.
9. കേരള ആരോഗ്യ സർവ്വകലാശാല റജിസ്ട്രാറുടെ 10/02/2021, 05/07/2021 ലെ കത്ത് നം.2021/912/1/ബി2/എസ്.മെഡ്/കെ.യു.എച്ച്.എസ്
10. ഈ കാര്യാലയത്തിലെ 04/03/2021 ലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം 1,2,3 ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2017-18 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യർത്ഥികളുടെ അർഹത പരിശോധിച്ച് അർഹതപ്പെട്ട 95 വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി അനുവദിക്കുകയും, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഒന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി കോർപ്പസ് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതുമാകുന്നു. തുടർന്ന് ടി വിദ്യാർത്ഥികളിൽ ഒന്നാം വർഷ എംബിബിഎസ് പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് 2018-19 വർഷത്തിൽ സ്കോളർഷിപ്പ് പുതുക്കി നൽകിയിട്ടുമുണ്ട്. തുടർന്ന് പരാമർശം (6) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതി

റദ്ദാക്കിയിരുന്നു. ആയതിനാൽ ടി വിദ്യാർത്ഥികൾക്ക് 2019-20 വർഷത്തെ സ്കോളർഷിപ്പ് പുതുക്കി നൽകിയിരുന്നില്ല. തുടർന്ന് പരാമർശം (7) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചു.

മേൽ സാഹചര്യത്തിൽ 2017-18 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ (2018-19) റഗുലർ യൂണിവേഴ്സിറ്റി പരീക്ഷ **വിജയിച്ചിട്ടുണ്ടെങ്കിൽ** അവർക്കു അവരുടെ **മൂന്നാം** വർഷത്തെ (2019-20) ട്യൂഷൻ ഫീസിന്റെ 90 % തുക സ്കോളർഷിപ്പായി **അനുവദിയ്ക്കേണ്ടതാണ്. ആയതിനാൽ** പ്രസ്തുത വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ റഗുലർ യൂണിവേഴ്സിറ്റി പരീക്ഷ **വിജയിച്ചിട്ടുണ്ടോ** എന്ന വിവരം റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കേരള ആരോഗ്യ സർവ്വകലാശാല റജിസ്ട്രാർക്കും ബന്ധപ്പെട്ട കോളേജ് അധികരികൾക്കും അറിയിപ്പ് നൽകിയിരുന്നു. അതിൻ പ്രകാരമുള്ള പരാമർശം (9) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന(10) പ്രകാരം 80 വിദ്യാർത്ഥികൾക്ക് 2019-20 ലെ സ്കോളർഷിപ്പ് പുതുക്കി നൽകിയിരുന്നു. തുടർന്ന് സപ്ലിമെന്ററി പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ പരാമർശം(9), 05/07/2021-ലെ കത്ത് പ്രകാരം ആരോഗ്യ സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പിന് അർഹത **നേടിയ വിദ്യാർത്ഥികളിൽ,** കേരള ആരോഗ്യ സർവ്വകലാശാല റജിസ്ട്രാർറുടെ പരമാർശം (9) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2017-18 അധ്യയന വർഷം സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുകയും, **രണ്ടാം** വർഷത്തെ റഗുലർ യൂണിവേഴ്സിറ്റി പരീക്ഷ **വിജയിയ്ക്കുകയും ചെയ്തിട്ടുള്ള** വിദ്യാർത്ഥികൾക്ക് അവരുടെ **മൂന്നാം** വർഷത്തെ ട്യൂഷൻ ഫീസിന്റെ 90 % തുക സ്കോളർഷിപ്പായി അനുവദിച്ചു ഉത്തരവാകുന്നു. വിദ്യാർത്ഥികളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു.



**പ്രവേശന പരീക്ഷാ കമ്മീഷണർ**

***പകർപ്പ്:-***

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജ് പ്രിൻസിപ്പാൾമാർക്ക്.
3. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
7. അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/കറണ്ട് ഫയൽ.

| ക്രമ നം. | റോൾ നം. | പേര് | കോളേജിന്റെ പേര് | ട്യൂഷൻ ഫീസ് (AFRC നിശ്ചയിച്ചിട്ടുള്ളത്) | ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്ന തുക (ഫീസിന്റെ 90% തുക) |
|---|---|---|---|---|---|
| 1 | 226720 | MUHAMMED HASANUL BANNA K.L | MES Medical College, Perinthalmanna, Malappuram | 4,85,000/- | 4,36,500/- |
| 2 | 112088 | HRUTHIK SUDHIR | P K Das Institute of Medical Sciences | 5,22,300/- | 4,70,070/- |
| 3 | 221831 | RESHMA K M | P K Das Institute of Medical Sciences | 5,22,300/- | 4,70,070/- |
| **TOTAL (Rupees Thirteen lakhs seventy six thousand six hundred and forty only)** | | | | | **Rs.13,76,640/-** |

.



**പ്രവേശന പരീക്ഷാ കമ്മീഷണർ**